# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2905 — 20.12.2012 - ൽ മറുപടിക്ക്

## സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് ആക്കാൻ നടപടി

**ചോദ്യം** — **ഉത്തരം**

ശ്രീ. എ.എ.അസീസ്

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

---

(എ) സംസ്ഥാനത്ത് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്റ്റ് 1995 അനുസരിച്ച് രജിസ്റ്റർ ചെയ്ത എത്ര സ്കൂളുകളാണ് പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത സ്കൂളുകളിലെ ജീവനക്കാർക്ക് എത്ര രൂപയാണ് മാസ ശമ്പളമായി നൽകുന്നത്;

(സി) ഇവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എ) സംസ്ഥാനത്ത് PWD Act/Rules പ്രകാരം രജിസ്റ്റർ ചെയ്ത 273 സ്ഥാപനങ്ങൾ മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിക്കുന്നുണ്ട്.

**(ബി) & (സി)**

PWD Act പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ നടത്തി വരുന്നത് നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളും (എൻ.ജി.ഒ.) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമാണ്. ഇവയിൽ 55 സ്ഥാപനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഡി.ഡി.ആർ.എസ്. പദ്ധതി പ്രകാരം ധനസഹായം ലഭിച്ചു വരുന്നു. ശേഷിക്കുന്നവയിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും സാമ്പത്തിക സഹായം നൽകി വരുന്നു. 2011-12 സാമ്പത്തിക വർഷം 10 കോടി രൂപ അനുവദിച്ച് വിതരണം ചെയ്തിരുന്നു. നടപ്പു സാമ്പത്തിക വർഷം 10 കോടി രൂപ ഈ ആവശ്യത്തിനായി വകയിരുത്തിയിട്ടുണ്ട്. ഒരു സ്ഥാപനത്തിന് സംസ്ഥാന സർക്കാരിൽ നിന്നും കുറഞ്ഞത് 2 ലക്ഷം രൂപയും പരമാവധി 12 ലക്ഷം

രൂപയും അനുവദിക്കാറുണ്ട്. ഓരോ സ്ഥാപനത്തിനും അനുവദിക്കപ്പെടുന്ന തുകയുടെ 40% അദ്ധ്യാപകർക്കും ജീവനക്കാർക്കും ഓണറേറിയം നൽകുന്നതിനായി . നീക്കിവച്ചിരിക്കുന്നു. മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സൂകൂളുകൾക്ക് സാധാരണ സ്കൂളുകൾക്ക് നൽകി വരുന്നതു പോലുള്ള അംഗീകാരമോ എയ്ഡഡ് പദവിയോ സർക്കാർ നൽകിയിട്ടില്ല. പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുകയോ ശമ്പള സ്കെയിൽ അനുവദിച്ച് നൽകുകയോ ചെയ്തിട്ടില്ല. മേൽപ്പറഞ്ഞ സ്കൂളുകളിലെ അദ്ധ്യാപകർക്ക് കേന്ദ്രാവിഷ്കൃത പദ്ധതി യായ IEDC/IEDSS സ്കീമിനോട് താരതമ്യ പ്പെടുത്തി ഹോണറേറിയം വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സ്കൂളുകളിൽ എയ്ഡഡ് ആക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.